# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം : *685

11. 07. 2014 - ൽ മറുപടിക്ക്

## സംസ്ഥാന ലൈബ്രറി കൗൺസിൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി :<br>ശ്രീ. ജി. സുധാകരൻ :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. ബി. സത്യൻ : | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ പ്രവർത്തന കാലാവധി എത്ര വർഷമാണ് ; | (എ) 5 വർഷം. |
| (ബി) നിലവിലെ ലൈബ്രറി കൗൺസിലിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ; | (ബി) 2015 ഏപ്രിൽ |
| (സി) കൗൺസിലിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സങ്ങളുണ്ടോ ; | (സി) ഇല്ല |
| (ഡി) നിലവിലുള്ള കൗൺസിലിന്റെ പ്രവർത്തന കാലാവധി തീരും മുമ്പേ കൗൺസിലിനെ പിരിച്ചുവിടുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ഇ) എങ്കിൽ കൗൺസിലിനെ പിരിച്ചുവിടുന്നതിനുള്ള നടപടിയിൽ നിന്ന് പിന്തിരിയാൻ തയ്യാറാകുമോ ; | (ഡി) & (ഇ) ഇപ്പോൾ ഇല്ല |
| (എഫ്) ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് നൽകുന്നതിൽ സർക്കാർ വിമുഖത കാട്ടുന്നുണ്ടോ ; കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ലൈബ്രറി കൗൺസിലിനു വകയിരുത്തിയ തുകയും നൽകിയ തുകയും എത്രയെന്ന് വ്യക്തമാക്കാമോ ? | (എഫ്) 2012-13 സാമ്പത്തിക വർഷം ലൈബ്രറിക്ക് ഗ്രാന്റ് നൽകിയത് ചില നിബന്ധനകൾക്ക് വിധേയമായിട്ടായിരുന്നു. 2013-14 സാമ്പത്തിക വർഷം ടി നിബന്ധനകൾ യഥാസമയം പാലിക്കാത്തതിനാൽ കൗൺസിലിന് ലഭ്യമാക്കേണ്ടിയിരുന്ന ബജറ്റ് വിഹിതം പൂർണ്ണമായും ലഭ്യമാക്കിയില്ല. 2013-14 സാമ്പത്തിക വർഷം ബജറ്റിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് |

പദ്ധതിയിനത്തിൽ 70,00,000/- (എഴുപത് ലക്ഷം രൂപമാത്രം) രൂപയും പദ്ധതിയേതരയിനത്തിൽ 16,33,50,000/- (പതിനാറ് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയും വകയിരുത്തിയിരുന്നു. ഇതിൽ പദ്ധതിയിനത്തിൽ 70,00,000/- രൂപയും, പദ്ധതിയേതരയിനത്തിൽ 12,30,00,000/- രൂപയും കൌൺസിലിന് ലഭ്യമാക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ